ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഓവർലോഡുകൊണ്ടും ബൈ മുട്ടുന്നതുകൊണ്ടും ചോദിച്ചതാണ്.

സമുദായം തിരിച്ചുള്ള ഉദ്യോഗനിയമനപ്പട്ടിക.

* 1672 [20] ശ്രീ. ആർ. സുശീലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഉദ്യോഗനിയമനങ്ങളുടെ സമുദായംതിരിച്ചുള്ള പട്ടിക പരസ്യം ചെയ്യാൻ ഗവണ്മെൻറ് തയ്യാറാകുമോ;

(ബി) സംവരണത്തിൻറെ പരിധിയിൽപ്പെട്ട സമുദായത്തിൽനിന്നും ആ വ്യവസ്ഥപ്രകാരം നിയമിച്ചവരുടെ എണ്ണം എത്രയെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്):

(എ) ചില വകുപ്പധ്യക്ഷന്മാരിൽനിന്നും വിവരം ലഭിക്കണമെന്നുള്ളതിനാൽ പൂർണ്ണവിവരം നൽകുവാൻ കാലതാമസമുണ്ട്. കിട്ടിയിടത്തോളം വിവരം ഉൾക്കൊള്ളുന്ന ഒരു †പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) പൂർണ്ണവിവരം ഉൾക്കൊള്ളുന്ന പട്ടിക എത്രയുംവേഗത്തിൽ നൽകുന്നതാണ്.

ഡാക്ടർ എസ്. രാധാകൃഷ്ണനു വിമാനത്താവളത്തിൽവച്ചു നൽകിയ സ്വീകരണം.†

* 1673‡ [21] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അടുത്ത കാലത്തു കേരളത്തിലെത്തിയ സന്ദർശിച്ച ഇൻഡ്യൻ യൂണിയൻ വൈസ്പ്രസിഡൻറ് ഡാ. എസ്. രാധാകൃഷ്ണനു വിമാനത്താവളത്തിൽവച്ചു നൽകിയ സ്വീകരണത്തിൽ പങ്കെടുക്കുന്നതിനും മറ്റും ഈ നിയമസഭാ സാമാജികന്മാർക്കു—ബഡ്ജറ്റ് സെഷൻ കൂടിക്കൊണ്ടിരുന്നപ്പോൾ—അവസരം നൽകാൻ സഭാനേതാവു എന്തുകൊണ്ടു സ്വീകരിച്ചില്ല;

(ബി) പ്രതിപക്ഷപാർട്ടികളുടെ നേതാക്കന്മാരുമായി ആലോചിച്ചു നിയമസഭയ്ക്കു ഒരു മണിക്കൂർ നേരമെങ്കിലും അവധി നൽകുവാൻ നടപടി എടുക്കുന്ന കാര്യത്തിൽ സഭാനേതാവിനെ പ്രതിബന്ധപ്പെടുത്തിയ കാരണങ്ങളെന്തു?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ. ബി.) ബഡ്ജറ്റ് സെഷൻ നടന്നുകൊണ്ടിരുന്ന സമയമായതിനാലും സഭാനടപടികൾ നിർത്തിവയ്ക്കുന്നതു സംബന്ധിച്ചു് ഏകകണ്ഠമായ തീരുമാനമുണ്ടാവാനിടയില്ലെന്നു തോന്നിയതിനാലും ഈ നടപടികളെടുത്തില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇതിനെപ്പറ്റി പ്രതിപക്ഷനേതാക്കന്മാരോടു് ആലോചിച്ചു തീരുമാനമെടുക്കാൻ ഒരു ശ്രമം നടത്തിയോ?

† Placed in the Library.

‡ As the member was absent this question was put by Shri R. Balakrishna Pillai with the permission of the chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ചില സുഹൃത്തുക്കളുമായി സംസാരിച്ചതിന്റെ ഫലമായി അനുകൂലമായ അഭിപ്രായമല്ലാത്തവരുണ്ടെന്നും ബോദ്ധ്യമായി.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കാൺഗ്രസ്സ്പാർട്ടി നേതാവിനോടും ഇക്കാര്യത്തെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇല്ല.

ശ്രീ. കെ. എം. ജോർജ്: ഇൻഡ്യൻ വൈസ്പ്രസിഡൻറ് വന്ന അവസരത്തിൽ, പ്രശസ്താതിഥികളും വരുന്ന അവസരത്തിൽ നിയമസഭാംഗങ്ങൾക്കു സൗകര്യമുള്ള സന്ദർഭമുണ്ടാക്കിക്കൊണ്ട് ക്ഷണം അയയ്ക്കാറുള്ളതുപോലെ ഇതിനും സഭാനേതാവു ശ്രമിച്ചിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഞാൻ സഭാനേതാവായതിൽ പിന്നെ അതിനുള്ള സന്ദർഭമുണ്ടായിട്ടില്ല. സഭ കൂടിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഇതുപോലുള്ള ബഹുമാന്യാതിഥികളും വരികയുണ്ടായിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: പ്രതിപക്ഷനേതാക്കന്മാരുമായി ആലോചിച്ചില്ല എന്നാണ് പറഞ്ഞതു്. പിന്നെങ്ങനെയാണ് ഏകകണ്ഠമായ തീരുമാനമുണ്ടാകാനിടയില്ലെന്നു തോന്നിയതു്. മുഖ്യമന്ത്രിയുടെ പാർട്ടിയിലെ ആളുകളുടെ അഭിപ്രായമാണോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അല്ല. ആലോചന നടത്തിയതു് ആരോടെല്ലാമാണെന്നു വെളിപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നില്ല. മറ്റു കക്ഷികളിൽനിന്നും ഏകകണ്ഠമായ അഭിപ്രായമുണ്ടാകയില്ലെന്നു് എനിക്കു ബോദ്ധ്യമായിട്ടുണ്ട്.

ശ്രീമതി ലീലാദാമോദര മേനോൻ: ഡാ. രാധാകൃഷ്ണൻ ഇവിടം സന്ദർശിക്കുന്ന വിവരം എത്രദിവസത്തിനു മുൻപാണു് ഇവിടെ കിട്ടിയതു്?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇപ്പോൾ പറയാൻ കഴിയുകയില്ല.

ശ്രീമതി ലീലാദാമോദര മേനോൻ: സാധാരണ, ഡാ. രാധാകൃഷ്ണനെപോലെയുള്ള പ്രശസ്താതിഥികളും സംസ്ഥാനത്തുവരുമ്പോൾ അവരെ കാണാനും സൗകര്യമുണ്ടാക്കുന്നതിനും വേണ്ട സജ്ജീകരണങ്ങളും ചെയ്യുകൊണ്ട് അതിൽ സംബന്ധിക്കാൻ നിയമസഭാംഗങ്ങളെ അറിയിക്കാറില്ലേ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അങ്ങനെയൊരു അബദ്ധമാണതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: ഏകകണ്ഠമായ തീരുമാനമെടുക്കാൻ ഇടയില്ലെന്നു ബോദ്ധ്യമാകാൻ കാരണമെന്താണു്?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അതിന്റെ വിവരം വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ലെന്നു് പറഞ്ഞുകഴിഞ്ഞു. എനിക്കു ബോദ്ധ്യം വരത്തക്ക ചർച്ച നടത്തിയിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: അതാരാണെന്നു പറഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: പറയാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീമതി ലീലാദാമോദര മേനോൻ: ഞാൻ പറഞ്ഞതു് അബദ്ധമാകുമെന്നു പറഞ്ഞു. സഭയിലെ അംഗങ്ങളോടു് അദ്ദേഹത്തിന്റെ വരവിനെപ്പറ്റി അറിയിക്കേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: പ്രസിഡൻറ്, വൈസ് പ്രസിഡൻറ് മുതലായവരുടെ സന്ദർശനസമയത്തു് ഇന്നയിന്ന വിധത്തിലുള്ള ഏർപ്പാടുകൾ നടക്കണമെന്നു് വ്യക്തമായ 'പ്രോട്ടോക്കോൾ' ഉണ്ടു്. അതനുസരിച്ചു് ചെയ്തിട്ടുണ്ടു്.

ശ്രീമതി ലീലാദാമോദര മേനോൻ: പ്രോട്ടോക്കോൾ ഉണ്ടെന്നു പറഞ്ഞു. അതനുസരിച്ചു് ഒരു സാധാരണ നടപടിയെന്ന നിലയിൽ നിയമസഭാംഗങ്ങളെ അറിയിക്കാറുണ്ടെന്നു് മുഖ്യമന്ത്രിക്കു് അറിയാമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ബഹുമാനപ്പെട്ട മെമ്പർക്കു് ആ പ്രോട്ടോക്കോൾ എന്താണെന്നറിഞ്ഞുകൂടാ. അറിയാമെന്ന നടിച്ചുകൊണ്ടു് ചോദിക്കുന്നുവെന്നേയുള്ളൂ.

ശ്രീമതി ലീലാദാമോദര മേനോൻ: അതെന്താണെന്നു പറഞ്ഞുതരാമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: നിവൃത്തിയില്ല.

ശ്രീ. കെ കെ. വിശ്വനാഥൻ: പ്രസിഡൻറ് വന്നപ്പോൾ അദ്ദേഹത്തെ കാണാനും മറ്റും പ്രതിപക്ഷനേതാക്കന്മാർക്കും അംഗങ്ങൾക്കും കത്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇത്തവണ അങ്ങനെ വേണ്ടെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ടായിരുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഡാ. രാധാകൃഷ്ണൻറെ സന്ദർശന സമയത്തു് മുഖ്യമന്ത്രി ആരോടോ ചർച്ച നടത്തിയതു് പിന്നെ എന്തിനാണു്?

മി. സ്പീക്കർ: പ്രസിഡൻറിൻറെ സന്ദർശനസമയത്തെ കാര്യമാണു് പറഞ്ഞതു്.

ശ്രീ. എം. സി. ഏബ്രഹാം: വൈസ്പ്രസിഡൻറിനെ സ്വീകരിക്കുന്നതിനു് നിയമസഭാനടപടികൾ മാറ്റിവയ്ക്കണമെന്നു് സഭാനേതാവു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇല്ല.

ശ്രീ. എം. സി. ഏബ്രഹാം: അതെന്താണു്?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അതു സംബന്ധിച്ചു നടന്നിട്ടുള്ള ഇൻഫാർമലായിട്ടുള്ള ചർച്ചകളുടെ വിവരം വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. എം. സി. ഏബ്രഹാം: വൈസ്പ്രസിഡൻറ് ഡാ. രാധാകൃഷ്ണൻ ഇവിടം സന്ദർശിച്ചപ്പോൾ അദ്ദേഹത്തിൻറെ സന്ദർശനത്തെ മുൻനിറുത്തി സഭാനടപടികൾ മാറ്റിവയ്ക്കണമെന്നാവശ്യപ്പെടാൻ മുഖ്യമന്ത്രിക്കധികാരമില്ലേ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇരുകൂട്ടരും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതായതു്-സഭയിലുള്ള എല്ലാ പ്രതിപക്ഷപാർട്ടികളും—ഇഷ്ടംപോലെ ചെയ്യാം. സഭാനടപടികൾ മാറ്റിവയ്ക്കുന്നതിനോടു് ഏകാഭിപ്രായമായിരിക്കയില്ലെന്നു് എനിക്കു് ബോദ്ധ്യമായിട്ടുണ്ടു്.

ശ്രീമതി ലീലാദാമോദര മേനോൻ: അതും പ്രോട്ടോക്കോളിൻറെ ഭാഗമാണോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: കാമൺസെൻസാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: മെമ്പറന്മാർ സഹകരിക്കാത്തതു കൊണ്ടാണോ ഏകകണ്ഠമായ തീരുമാനമുണ്ടാകില്ലെന്നു പറഞ്ഞതു?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: മുൻപു ഞാൻ ഇതിനുത്തരം പറഞ്ഞതാണു്. എല്ലാ കക്ഷിയും യോജിച്ചുകൊണ്ടു് ഒരു തീരുമാനമുണ്ടാകയില്ലെന്നു് എനിക്കു് ബോദ്ധ്യം വന്നു. അതുകൊണ്ടാണു്.

കോടതിവിധികൾ നടത്തുന്നതിനു പോലീസ് സഹായം.

* 1674. [23] ശ്രീമതി കുസുമം ജോസഫ്: താഴെ കൊടുത്തിരിക്കുന്ന ചോദ്യത്തിനു് മന്ത്രി സഭയെ മറുപടി നൽകുമോ:

1957 ഏപ്രിൽ 5-നു് ശേഷം കോടതിവിധികൾ നടത്താൻ പോലീസ് സഹായങ്ങൾ വേണ്ടിവന്നിട്ടുള്ള സന്ദർഭങ്ങൾ എത്ര?

ധനകാര്യമന്ത്രി (ശ്രീ സി. അച്യുതമേനോൻ): 909

ശ്രീമതി കുസുമം ജോസഫ്: സ്വന്തം നിലം കൊയ്തു് എടുക്കുന്നതിനു് കോടതിയുടെ ഓർഡർ കിട്ടിയതിനുശേഷം കൃഷിക്കാർ നെല്ലു കൊയ്തെടുക്കാൻ ചെന്നപ്പോൾ കുട്ടനാട്ടിലെ സഖാക്കൾ ബഹളം കൂട്ടിയിട്ടില്ലേ?

ശ്രീ. സി. അച്യുതമേനോൻ: കേസിന്റെ എണ്ണമാണു് ചോദിച്ചതു്. സഖാക്കൾ ബഹളമുണ്ടാക്കിയ കാര്യം അന്വേഷിച്ചിട്ടില്ല. പോലീസിന്റെ സഹായമാവശ്യപ്പെട്ട കേസിന്റെ എണ്ണമാണു് ആവശ്യപ്പെട്ടതു്. ഹൈക്കോടതി രജിസ്ട്രാരിൽ നിന്നും കിട്ടിയവിവരം ഇവിടെ പറഞ്ഞു.

ശ്രീ. എം. നാരായണക്കുറുപ്പു്: പോലീസ് സഹായം തേടി കോടതി വിധി നടപ്പാക്കാൻ ശ്രമിച്ചതിൽ എത്രയെണ്ണം തടസപ്പെടുത്തിയിട്ടുണ്ടു്?

ശ്രീ. സി. അച്യുതമേനോൻ: അതിന്റെ വിവരം ഇവിടെയില്ല.

വൃക്ഷങ്ങളുടെ സംരക്ഷണം

* 1675. [24] ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഫലവൃക്ഷങ്ങളും തണൽവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രത്യേകമായ വല്ല പരിപാടിയും അനുസൃതമായി ചെയ്തിട്ടുണ്ടോ;

(ബി) വൃക്ഷങ്ങളെ സ്നേഹിക്കുന്നവരുടെ (Friends of trees) ഒരു സംഘടനയുണ്ടാക്കാൻ ആലോചനയുണ്ടോ?

കൃഷിയും വനവുംവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്):

(എ) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ പരമപ്രധാനമായ ചുമതല വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കലാണു്. പക്ഷേ, ഫലങ്ങൾക്കുവേണ്ടിയും തണലിനുവേണ്ടിയും അല്ല അവ നട്ടുന്നതു്.

(ബി) ഫ്രൻഡ്സ് ഓഫ് ട്രീസ് എന്നൊരു അനൗദ്യോഗികസംഘടന ബോംബെയിൽ ഉടലെടുത്തിട്ടുണ്ടു്. അതിന്റെ കേരളശാഖ കേരളഗവർണ്ണർ 22-5-1955-ൽ ഉൽഘാടനം ചെയ്തിട്ടുണ്ടു്. പ്രവർത്തനം ഉടങ്ങിയിട്ടില്ല. പരിപാടികൾ അനുസൃതം ചെയ്തുവരികയാണു്.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: മനുഷ്യരെ സ്നേഹിക്കാത്ത ആളുകളാണോ ഈ വൃക്ഷങ്ങളെ സ്നേഹിക്കുന്ന സംഘടനയിലെ അംഗങ്ങൾ.

ശ്രീ. കെ. സി. ജോർജ്ജു്: വൃക്ഷമായതുകൊണ്ടു് സ്നേഹം കാണാതിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly